**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 65/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയിലെ 41 വയസുമുതൽ 60 വയസുവരെ പ്രായമുള്ളവർക്കുവേണ്ടിയും, 60 വയസിന് മുകളിൽ പ്രായമുള്ളവർക്കുവേണ്ടിയും രണ്ട് ആദ്ധ്യാത്മിക സംഘടനകൾ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് വിശദമായി ചർച്ച ചെയ്യുകയും അപ്രകാരം രണ്ട് സംഘടനകൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. യുവജനപ്രസ്ഥാനത്തിലെ പ്രവർത്തനങ്ങൾക്കുശേഷം 41 വയസുമുതൽ 60 വയസുവരെ പ്രായമുള്ളവർക്കായി സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫോറവും, 61 വയസുമുതൽ പ്രായമുള്ളവർക്കായി സെന്റ് ജോസഫ് ഓർത്തഡോക്സ് ഫോറവും രൂപീകരിച്ച് അവയുടെ നിയമാവലികൾക്ക് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകാരം നൽകിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫോറത്തിന്റെ പ്രസിഡണ്ടായി നമ്മുടെ മദ്രാസ് ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെയും, സെന്റ് ജോസഫ് ഓർത്തഡോക്സ് ഫോറത്തിന്റെ പ്രസിഡണ്ടായി നമ്മുടെ മലബാർ ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെയും നാം നിയമിച്ചിട്ടുണ്ട്. മലങ്കര സഭയിലെ എല്ലാ പള്ളികളിലും ഈ രണ്ട് ആദ്ധ്യാത്മീക സംഘടനകളുടെയും യൂണിറ്റുകൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ചുമതലയുള്ള മെത്രാപ്പോലീത്താമാർ നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.............

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ഏപ്രിൽ മാസം 1-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.